# പത്രക്കുറിപ്പ്

കൊച്ചി നഗരത്തിൽ ചെറുപ്പക്കാർക്കിടയിൽ വർദ്ധിച്ച് വരുന്ന കുറ്റ കൃത്യ പ്രവണത തടയുന്നതിനും നിരീക്ഷിക്കുന്നതിനുമായി കൊച്ചി സിറ്റി പോലീസ് കമ്മീഷണർ പ്രത്യേക പോലീസ് ടാസ്ക് ഫോഴ്സ് രൂപീകരിച്ചു.

സമീപകാലത്ത് ചെറുപ്പക്കാരായ ആളുകളുടെ നിയമവിരുദ്ധമായ സംഘംചേരൽ മൂലം വർദ്ധിച്ചുവരുന്ന പൊതുജനശല്യങ്ങൾ ഇല്ലാതാക്കുന്നതിലേക്കായി രാത്രിയും പകലും പ്രവർത്തിക്കുന്ന പോലീസ് ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. സിറ്റി പോലീസിന്റെ ഭാഗമായ ഷാഡോപോലീസ്, സ്റ്റിപ്പേഴ്സ് എന്നിവ കൂടാതെ ഇതിലേക്കായി പ്രത്യേകം തിരഞ്ഞെടുത്ത പോലീസ് സേനാംഗങ്ങളെ കൂടി ചേർത്താണ് ടാസ്ക് ഫോഴ്സ് രൂപീകരിച്ചിരിക്കുന്നത്. ചെറുപ്പാർ കൂട്ടം ചേർന്നുള്ള മദ്യപാനം മയക്കുമരുന്ന് ഉപയോഗം പ്രായപൂർത്തിയാകാത്തവർക്കുള്ള മദ്യവിൽപ്പന, പൂവാലശല്യം, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, ഗതാഗതനിയമങ്ങൾ ലംഘിച്ചുകൊണ്ട് അമിതവേഗതയിലുള്ള വാഹന ഉപയോഗം, പൊതു നിരത്തിലൂടെയുള്ള ബൈക്ക്റേസിങ്ങ്, ചേരിതിരിഞ്ഞുള്ള സംഘട്ടനങ്ങൾ മുതലായവ ഫലപ്രദമായി നിയന്ത്രിക്കുക എന്നുള്ളതാണ് സംഘത്തിന്റെ ലക്ഷ്യം.

കൊച്ചി നഗരത്തിലെ പ്രധാനപ്പെട്ട സ്കൂൾ പരിസരങ്ങൾ, ബസ്സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, മാളുകൾ, പനമ്പിള്ളിനഗർ, ഇൻഫോപാർക്ക് എന്നിവ കൂടാതെ ഒഴിഞ്ഞകെട്ടിടങ്ങൾ,കാടുകയറിക്കിടക്കുന്ന കോമ്പൗണ്ടുകൾ, വേനലവധി പ്രമാണിച്ച് അടച്ചിട്ടിരിക്കുന്ന സ്കൂളുകൾ മുതലായവ നിരീക്ഷണ മേഖലകളിൽ ഉൾപ്പെടും .

ഇത്തരം സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകൾ, കൺട്രോൾറൂം (100), പോലീസ് ക്രൈം സ്റ്റോപ്പർ (1090), വനിതാ ഹെൽപ്പ് ലൈൻ (7559899100 ) സിറ്റി പോലീസ് ഫേസ്ബുക്ക് മുതലായവയിലൂടെ അറിയിക്കേണ്ടതാണ്.

സിറ്റിയിലെ എല്ലാ റെസിഡന്റ്സ് അസോസിയേഷൻ അംഗങ്ങളും, സിറ്റി പോലീസ് ഫേസ്ബുക്ക് പേജായ "kochicitypolice" ഫോളോ ചെയ്ത് അതാത് ദിവസങ്ങളിൽ പോലീസ് പൊതുജനങ്ങൾക്കായി നൽകുന്ന അറിയിപ്പുകൾ ശ്രദ്ധിക്കണമെന്ന് ജില്ലാ പോലീസ് മേധാവി ശ്രീ. എം.പി. ദിനേശ് IPS അറിയിച്ചു.

ജില്ലാ പോലീസ് മേധാവി, കൊച്ചി സിറ്റി

OFFICE OF THE ASST.COMMISSIONER OF POLICE
KOCHI CITY
* DIST.SPECIAL BRANCH *